# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19.03.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 639

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ; | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) പാവപ്പെട്ടവർക്ക് വേണ്ടി ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ<br>1. എം.എൻ.ലക്ഷം വീട് ഭവന പുനർ നിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി.<br>3. സാഫല്യം ഭവന പദ്ധതി.<br>4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.<br>5. ഗൃഹശ്രീ ഭവന പദ്ധതി.<br>6. ഇന്നൊവേറ്റീവ് ഭവന നിർമ്മാണ പദ്ധതി.<br>7. സുനാമി പുനരധിവാസ ഭവന പദ്ധതി<br><br>കൂടാതെ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന സുനാമി പുനരധിവാസ ഭവന പദ്ധതി, നഗരകാര്യ വകുപ്പ് നടപ്പിലാക്കിവരുന്ന ഇ.എം.എസ്, ആശ്രയ ഭവന പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ, പഞ്ചായത്ത്, ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന IAY പദ്ധതി, ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പദ്ധതി എന്നിവയാണ് നിലവിൽ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ. |

(ബി) ഈ പദ്ധതികളിലൂടെ 2012-ൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി; എത്ര തുക അതിനായി ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ പ്രകാരം വീടുകൾ നിർമ്മിച്ചിട്ടില്ല.

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം 15 കോടി രൂപ ചിലവിട്ട് 218 വീടുകളും, സുരക്ഷാ ഭവന പദ്ധതി പ്രകാരം 2.89 കോടി രൂപ ചിലവിട്ട് 114 വീടുകളും, എം.എൻ.ലക്ഷം വീട് ഭവന പുനർ നിർമ്മാണ പദ്ധതി പ്രകാരം 3.85 കോടി രൂപ ചിലവിട്ട് 498 വീടുകളും നിർമ്മിച്ച നൽകിയിട്ടുണ്ട്.

സുനാമി പുനരധിവാസ ഭവന പദ്ധതി പ്രകാരം 11130 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 291.31 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഇന്നൊവേറ്റീവ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 2.11 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ 24 ഫ്ലാറ്റുകളും, തൃശ്ശൂർ കട്ടനെല്ലൂരിൽ 24 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന ഇ.എം.എസ്, ആശ്രയ ഭവന പദ്ധതികളിലായി 7919 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം, തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) വാസയോഗ്യമായ പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(സി) വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങൾ സംബന്ധിച്ച് റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നീ കാര്യാലയങ്ങൾ ശേഖരിച്ച ജില്ല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| S.L. No. | Name of District | No of landed but homeless people | | | No of landless and homeless people | | |
|---|---|---|---|---|---|---|---|
| | | Urban Affairs Dept | CRD | Total | Urban Affairs Dept | CRD | Total |
| 1 | Thvpm | 4180 | 38740 | **42920** | 6914 | 9019 | **15933** |
| 2 | Kollam | 4793 | 36813 | **41606** | 11009 | 15558 | **26567** |
| 3 | Pathanamthitta | 731 | 33595 | **34326** | 767 | 14893 | **15660** |
| 4 | Alappuzha | 2875 | 14926 | **17801** | 1556 | 2478 | **4034** |
| 5 | Kottayam | 489 | 13812 | **14301** | 797 | 4462 | **5259** |
| 6 | Idukki | 152 | 37386 | **37538** | 399 | 20358 | **20757** |
| 7 | Ernakulam | 2666 | 18259 | **20925** | 11128 | 9121 | **20249** |
| 8 | Thrissur | 2779 | 25304 | **28083** | 5311 | 5103 | **10414** |
| 9 | Palakkad | 4081 | 23505 | **27586** | 11756 | 10868 | **22624** |
| 10 | Malappuram | 1806 | 25015 | **26821** | 1801 | 13115 | **14916** |
| 11 | Kozhikode | 977 | 14234 | **15211** | 1515 | 4924 | **6439** |
| 12 | Wayanad | 334 | 30282 | **30616** | 518 | 6826 | **7344** |
| 13 | Kannur | 1368 | 24738 | **26106** | 1054 | 11508 | **12562** |
| 14 | Kasargod | 1086 | 22258 | **23344** | 1068 | 6348 | **7416** |
| | **Total** | **28317** | **358867** | **387184** | **55593** | **134581** | **190174** |

സെക്ഷൻ ഓഫീസർ